**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 453** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമിയിലെ മരം മുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പട്ടയ ഭൂമിയിൽ നടന്ന മരംമുറി മൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വനം വകുപ്പ് കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. ഏകദേശം 1441.75 ലക്ഷം രൂപയുടെ മരങ്ങളാണ് ലഭ്യമായ പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം സർക്കാരിന് നഷ്ടമായിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ 844.889 ലക്ഷം രൂപയുടെ തടികൾ പിടിച്ചെടുത്തിട്ടുണ്ട്. സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ബി) | മരങ്ങൾ മുറിക്കുന്നത് തടസപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസാക്കുന്നതോ നേരിട്ട് തടസപ്പെടുത്തുന്നതോ ഗുരുതര കൃത്യവിലോപമായി കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവിൽ വ്യവസ്ഥ ഉണ്ടായിരുന്നത് വനംവകുപ്പ് ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കാൻ കാരണമായി എന്ന് കരുതുന്നുണ്ടോ? | (ബി) | വനം വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഈ ഉത്തരവിൽ വ്യക്തത ആവശ്യപ്പെട്ട് റവന്യൂ വകുപ്പ് ഓഫീസർമാരെ സമീപിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ